"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -വയനാട് ജില്ലയിലുണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടമുണ്ടായ വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ ഉപയോഗയോഗ്യമാക്കി നൽകുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സ്വീകരിക്കേണ്ട അടിയന്തരനടപടികൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1427/2024/LSGD തീയതി,തിരുവനന്തപുരം, 03-08-2024

പരാമർശം:- 1. 19.08.2018-ലെ സ.ഉ (സാധാ)നം.2288/2018/ത.സ്വ.ഭ.

**ഉത്തരവ്**

വയനാട് ജില്ലയിലുണ്ടായ ഉരുൾപൊട്ടലിൽ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും വെള്ളവും ചെളിയും മാലിന്യവും കയറി വാസയോഗ്യമല്ലാതായി തീർന്നിരിക്കുന്ന സാഹചര്യത്തിൽ ഇപ്പോൾ നടക്കുന്ന ജീവൻരക്ഷാ പ്രവർത്തനങ്ങൾക്കുശേഷം അടിയന്തരമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.ഉരുൾപൊട്ടൽ മൂലം വീട് മാറി താമസിക്കേണ്ടിവന്നവരുടെ എല്ലാ വീടുകളും, തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറി കിട്ടിയ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയവയും ചെളിയും മാലിന്യങ്ങളും മാറ്റി ശുചിയാക്കി വാസയോഗ്യമാക്കേണ്ടതിന്റെ ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ തുടങ്ങിയവരുടെ പിന്തുണയോടെ ശുചീകരണ പ്രവൃത്തികൾ വെള്ളമിറങ്ങിയ സ്ഥലങ്ങളിൽ അടിയന്തരമായി ഏറ്റെടുത്ത് നടത്തേണ്ടതാണ്.

2.ദുരന്ത ബാധിത പ്രദേശങ്ങളിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ ഏകോപനം ശുചിത്വമിഷൻ നിർവഹിക്കേണ്ടതാണ്.

3.പ്രളയബാധിത പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ ജോയിന്റ് ഡയറക്ടർ ഉദ്യോഗസ്ഥ സംവിധാനം ഏർപ്പെടുത്തണം

4.ദുരിതാശ്വാസ ക്യാമ്പുകളിൽ ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ, അംഗീകൃത സംവിധാനങ്ങൾ / അംഗീകൃത ഏജൻസികൾ മുഖേന ശേഖരിച്ച് സംസ്കരിക്കുന്നതിനു ആവശ്യമായ നടപടികൾ അതാതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ശുചിത്വ മിഷന്റെ സഹായത്തോടെ സ്വീകരിക്കേണ്ടതാണ്.

5.മാലിന്യ ശേഖരണത്തിന് ആവശ്യമായ ബിന്നുകൾ, മിനി എം സി എഫുകൾ എന്നിവ ക്യാംപുകളിൽ സ്ഥാപിക്കേണ്ടതാണ്.

6.അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരളാ കമ്പനിയ്ക്കോ അംഗീകൃത പ്രൈവറ്റ് ഏജൻസികൾക്കോ കൈമാറേണ്ടതാണ്.

7.ക്യാംപുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ നടക്കുന്നുണ്ട് എന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

8.ജീവഹാനി സംഭവിച്ച മൃഗങ്ങളുടെ ശവശരീരങ്ങൾ മറവു ചെയ്യുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ വകുപ്പ്, ശുചിത്വ മിഷൻ എന്നിവരുമായി കൂടിയാലോചിച്ച് ചെയ്യേണ്ടതാണ്.

9.ശുചീകരണത്തിനായി വാർഡ് തലത്തിൽ വോളന്റിയേഴ്സ് ടീം രൂപീകരിക്കേണ്ടതും ശുചീകരണ പ്രവൃത്തികൾക്കാവശ്യമായ ഉപകരണങ്ങൾ വാടകയ്ക്ക് എടുക്കുകയോ വാങ്ങുകയോ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതുമാണ്.

10.ശുചീകരണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വാർഡുതല വോളന്റിയേഴ്സ് ടീമുകളിലേയ്ക്ക് വീടുകളുടെ / സ്ഥാപനങ്ങളുടെ എണ്ണത്തിനനുസരിച്ച് സന്നദ്ധ- സാമൂഹ്യ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെ വിദ്യാർത്ഥി - യുവജന സംഘടനകളുടെയും , എൻ.എസ്. .എസ്., എൻ.സി.സി., യൂത്ത് ക്ലബ്ബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ തുടങ്ങിയവരുടെയും സേവനം ഉറപ്പ് വരുത്തേണ്ടതാണ്.

11.ശുചീകരണത്തിനായി മതിയായ എണ്ണം ആൾക്കാരെ കിട്ടാതെ വരുന്ന സാഹചര്യങ്ങളിൽ അന്യസംസ്ഥാന അതിഥി തൊഴിലാളികൾ ഉൾപ്പടെയുള്ളവരെ ദിവസവേതനത്തിൽ ജോലിക്ക് നിയോഗിക്കാവുന്നതാണ്.

12.പ്രളയബാധിതമായ തദ്ദേശസ്ഥാപനത്തോട് തൊട്ട് ചേർന്ന് സ്ഥിതിചെയ്യുന്ന ഉരുൾപൊട്ടലും മഴക്കെടുതിയും വലിയതോതിൽ ബാധിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ അവശ്യ സാധനങ്ങൾ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ / ക്യാമ്പുകളിൽ എത്തിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യേണ്ടതാണ്.

13.ദുരിതാശ്വാസക്യാമ്പുകളിൽ മതിയായ എണ്ണം ശുചിമുറികൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ബയോ ടോയ് ലറ്റുകൾ, താൽകാലിക ശുചിമുറികൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ശുചിത്വമിഷൻ സ്വീകരിക്കേണ്ടതാണ്. സാനിറ്ററി മാലിന്യം ശേഖരിക്കുന്നതിനുള്ള പ്രത്യേക സംവിധാനവും ഉറപ്പുവരുത്തേണ്ടതാണ്. ഇവ അംഗീകൃത ഏജൻസികൾക്ക് സംസ്കരണത്തിനായി കൈമാറേണ്ടതാണ്.

14.ശുചീകരണ പ്രവർത്തനങ്ങൾക്കായി ആരോഗ്യവകുപ്പിൽ നിന്നും ലഭിക്കുന്ന ശുചീകരണ സാമഗ്രികൾ (ബ്ലീച്ചിംഗ് പൗഡർ മുതലായവ) മതിയാകാതെ വരുന്ന സന്ദർഭങ്ങളിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമെ നിന്ന് വാങ്ങാവുന്നതാണ്.

15.കിണറുകൾ ആരാഗ്യവകുപ്പ് നിർദ്ദേശിക്കുന്ന രീതിയിൽ ശുചീകരണം നടത്തി ഉപയോഗ യോഗ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

16.പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉപകരണങ്ങളും വേതനവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

17.സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) ഘടകത്തിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ കേട് വന്ന ശൌചാലയങ്ങൾ പുതുക്കിപണിയുന്നതിന് ആവശ്യമായ നടപടികൾ ശുചിത്വമിഷൻ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

മുനിസിപ്പാലിറ്റി ചെയർമാൻ / ചെയർപേഴ്സൺ / സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ,മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഇന്നുതന്നെ പ്രസിദ്ധപ്പെടുത്തുന്നതിനു

ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വ്യാപകമായ പ്രചരണത്തിനും സംസ്ഥന സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും;)

ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി .എ.

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ.

ആരോഗ്യകുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് സെഷ്യൽ സെക്രട്ടറിയുടെ പി എ.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിമാരുടെ സി.എ..മാർക്ക്.

തദ്ദേശസ്വയംഭരണ (ഡി.എ) /(ഡി.ബി) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 05-08-2024 10:57:18

സെക്ഷൻ ഓഫീസർ